കോർ ബാങ്കിംഗ് സൊലൂഷൻ, നെറ്റ് വർക്ക് ബാങ്കിംഗ്, എ.ടി.എം. മുതലായ ദേശസാത്കൃത ബാങ്കുകളിലുള്ള സൗകര്യങ്ങൾ സഹകരണ മേഖലയിലും നടപ്പിലാക്കിവരുന്നു. 2015 ആഗസ്റ്റിൽ മൂന്നാറിൽ സംഘടിപ്പിച്ച ശില്പശാലയിൽ (Kerala Co-operative vision 2025) ഉരുത്തിരിഞ്ഞ ആശയങ്ങളെ അടിസ്ഥാനമാക്കി സഹകരണ മേഖല 10 വർഷങ്ങൾക്ക് ശേഷം നേരിടാൻ സാദ്ധ്യതയുള്ള വെല്ലുവിളികളെ നേരിടുന്നതിനും സഹകരണ മേഖല കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമുള്ള കർമ്മ പരിപാടികൾ ആവിഷ്കരിച്ചുവരുന്നു. കൂടാതെ സഹകരണ മേഖല ശക്തിപ്പെടുത്തുന്നതിനനുസൃതമായി കേരള സഹകരണ നിയമത്തിലും ചട്ടത്തിലും വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് പഠനം നടത്തി ശിപാർശ സമർപ്പിക്കുന്നതിന് ശ്രീ. കെ. ശിവദാസൻ നായർ എം.എൽ.എ. അദ്ധ്യക്ഷനായി 17 പ്രമുഖ സഹകാരികൾ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

(ബി) പ്രവാസികളുടെ നിക്ഷേപം സ്വീകരിക്കുന്നതിന് സഹകരണ ബാങ്കുകൾ റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതായിട്ടുണ്ട്. റിസർവ് ബാങ്കിന്റെ നിർദ്ദേശം പാലിച്ചിട്ടുള്ള നാല് ജില്ലാ ബാങ്കുകൾക്ക് NRI നിക്ഷേപങ്ങൾ ആരംഭിക്കുന്നതിന് റിസർവ് ബാങ്ക് അംഗീകാരം നൽകിയിട്ടുണ്ട്. കൂടുതൽ ബാങ്കുകൾക്ക് NRI നിക്ഷേപം സ്വീകരിക്കുന്നതിനുള്ള ലൈസൻസ് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇത്തരം പദ്ധതികൾ സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല.

സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം

147 (514) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. പാലോട് രവി :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സഹകരണ മേഖലയിൽ സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സഹകരണ മേഖലയിൽ നിക്ഷേപങ്ങൾക്ക് സുരക്ഷ നൽകുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 ഈ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ നിക്ഷേപകരുടെ താൽപ്പര്യം സംരക്ഷിക്കുകയാണ് സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ ലക്ഷ്യം. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന നിക്ഷേപം സ്വീകരിക്കുന്നതുമായ എല്ലാ സഹകരണ സംഘങ്ങളിലും ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപ വരെ ഗ്യാരന്റി നൽകുന്നതിനായി നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കുക എന്നതാണ് നിക്ഷേപ ഗ്യാരന്റി ബോർഡിന്റെ പ്രവർത്തനത്തിലൂടെ ഉദ്ദേശിക്കുന്നത്. വായ്പാ സംഘങ്ങളിലെ നിക്ഷേപകരുടെ നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുക, അതുവഴി നിക്ഷേപകർക്ക്, സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുക, കൂടുതൽ നിക്ഷേപകരെ ആകർഷിക്കുക തുടങ്ങിയവയാണ് ബോർഡിന്റെ മുഖ്യലക്ഷ്യങ്ങൾ.

(സി) സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം ഫലപ്രദമായി നടപ്പാക്കാൻ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചു. നിക്ഷേപ ഗ്യാരന്റി സ്കീം ബാധകമായ എല്ലാ സഹകരണ സംഘങ്ങളും പ്രസ്തുത സ്കീമിൽ ചേരണമെന്നും സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കാനുള്ള അവകാശം നഷ്ടമാകുമെന്നും, സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾ നിക്ഷേപം സ്വീകരിക്കുന്നതിൽനിന്നും വിലക്ക് കൽപ്പിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാറെ അധികാരപ്പെടുത്തി വ്യവസ്ഥ ഉൾപ്പെടുത്തിയും കേരള സഹകരണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ ആവശ്യമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങൾ

148 (515) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ നിയമം അനുസരിച്ച് പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം വെളിപ്പെടുത്തുമോ ;

(ബി) ഏതൊക്കെ വിഭാഗങ്ങളിലായിട്ടാണ് എല്ലാ സംഘങ്ങളും രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(സി) ക്രെഡിറ്റ് മേഖലയിൽ രജിസ്റ്റർ ചെയ്യപ്പെട്ടവർ എത്രയെന്നും ഇതര മേഖലകളിൽ ഉള്ളവർ എത്രയെന്നും വെളിപ്പെടുത്തുമോ ;